deepika.com
The Largest Read Malayalam Internet Daily

# ഓൺലൈൻ ഗുരുകുൽ പരിപാടിയിൽ ഡോ. ബി.അശോക് സംസാരിച്ചു

കൊല്ലം: അമൃത സർവകലാശാലയുടെ ഇലീർനിംഗ് വിഭാഗമായ അമൃത ഇലീർനിംഗ് റിസർച്ച് ലാബിന്റെ 'ഓൺലൈൻ ഗുരുകുൽ' പരിപാടിയിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല വൈസ് ചാൻസിലർ ഡോ. ബി.അശോക് ഐഎഎസ് എവ്യൂ ഉപയോഗിച്ച് ലൈവ് ആയി കോളജ് വിദ്യാർഥികളുമായി സംസാരിച്ചു.

സിനിമയിൽ കാണുന്നത് അല്ല ഐഎഎസ് ജീവിതമെന്നും സർക്കാർ സേവനം സിനിമയിൽ നിന്നും ഏറെ വ്യത്യസ്തമാണെന്നും അദ്ദേഹം പറഞ്ഞു. ബുദ്ധികൂർമ്മതയെക്കാൾ ഉപരി ഈ രംഗത്ത് സ്ഥിരമായ പരിശ്രമം, പ്രതിബദ്ധത, കഠിനാദ്ധ്വാനം എന്നിവ അത്യാവ്യശ്യമാണെന്നു അദ്ദേഹം പറഞ്ഞു .'1980 വരെ ഏറ്റവും കൂടുതൽ ഐ എ എസുകാർ വലിയ നഗരങ്ങളിൽ നിന്നും ആയിരുന്നു, പക്ഷെ ഇന്ന് ചെറിയ നഗരങ്ങളും ഗ്രാമങ്ങളും ആണ് കൂടുതൽ ഐഎഎസുകാരെ സൃഷടിക്കുന്നത്' –അദ്ദേഹം വ്യക്തമാക്കി. നന്നായി എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ്, പ്രായോഗിക നൈപുണ്യം തുടങ്ങിയവയാണ് ഐഎഎസുകാരന് വേണ്ട ചില ഗുണങ്ങൾ ആണ് അദ്ദേഹം കൂടിച്ചേർത്തു.

പഠിക്കാൻ സമർഥരായ കോളജ് വിദ്യാർഥികൾക്ക് വേണ്ടി അമൃത സർവകലാശാല തുടങ്ങിയ സൗജന്യ ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയാണ് ഓൺലൈൻ ഗുരുകുൽ. ചൊവ്വഴ്ചകളിൽ വൈകിട്ട് 3 മണി മുതൽ 4 മണി വരെയാണ് ഓൺലൈൻ ക്ലാസുകൾ. ഇപ്പോൾ കരിയർ സംബന്ധമായ ക്ലാസുകൾ ആണ് ഇതിലൂടെ നൽകുന്നത്.

ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും വിദ്യാർഥികളെ പഠിപ്പിക്കാൻ ആധ്യാപകനെ സഹായിക്കുന്ന അത്യാധുനിക ഇലീർനിംഗ് സോഫ്റ്റ്‌വെയർ ആണ് എവ്യൂ. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഇപ്പോൾ എവ്യൂ സൗജന്യമാണ്, ഏകദേശം 2000 ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളാണ് ഇപ്പോൾ എവ്യൂ ഉപയോഗിക്കുന്നത്.